**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93** **19-06-2024 - ൽ മറുപടിയ്ക്ക്**

**സാഹസിക വിനോദസഞ്ചാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സാഹസിക വിനോദസഞ്ചാര പരിപാടികൾ സംഘടിപ്പിക്കുവാൻ രജിസ്ട്രേഷൻ നിർബന്ധമാക്കിയ ആദ്യ സംസ്ഥാനം എന്ന നിലയിൽ ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | സാഹസിക വിനോദ സഞ്ചാര പരിപാടികൾ സംഘടിപ്പിക്കുവാൻ രജിസ്ട്രേഷൻ നിർബന്ധമാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. കേരളത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേനയാണ് സാഹസിക വിനോദ സഞ്ചാര പരിപാടികൾ ആസൂത്രണം ചെയ്യാറുള്ളത്. കേരള അഡ്വഞ്ചർ & ആക്ടിവിറ്റി ബെയ്സ്ഡ് ടൂറിസവുമായി ബന്ധപ്പെട്ട് യൂണിറ്റുകളുടെ രജിസ്ട്രേഷൻ, സുരക്ഷ മാനദണ്ഡങ്ങളുടെ വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ചും ടെക്നിക്കൽ എക്സ്പേർട്ടുകളുടെ പാനലിന് അംഗീകാരം നൽകിയും ഉത്തരവായിട്ടുണ്ട്.<br><br>കേരള അഡ്വഞ്ചർ & ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി & സെക്യൂരിറ്റി റഗുലേഷൻസ് പ്രകാരം കേരളത്തിൽ 60 AAP (Adventure Activity Providers) ന് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സാഹസിക ടൂറിസം മേഖലയിൽ പുതുതായി മൂവായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.<br><br>സാഹസിക ടൂറിസം പരിപോഷിപ്പിക്കുന്നതിനോടൊപ്പം തന്നെ വകുപ്പ് പ്രഥമ പരിഗണന നൽകുന്നത് ആ മേഖലയിൽ മെച്ചപ്പെട്ട സൗകര്യവും, ഗുണനിലവാരവുമുള്ള ഉപകരണങ്ങളും ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പ് വരുത്തുക എന്നതിനാണ്.<br><br>കേരളത്തിലെ സാഹസിക ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി “Adventure Tourism Safety and Security Guidelines” അംഗീകരിച്ചിട്ടുണ്ട്. കേരളത്തിൽ കൂടുതൽ |

പ്രചാരത്തിലുള്ള 30 സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾക്കൊള്ളിച്ചാണ് മേൽ റെഗുലേഷൻസ് പുറത്തിറക്കിയിട്ടുള്ളത്. ഇതിന് പുറമെയുള്ള മറ്റ് സാഹസിക ടൂറിസം ആക്ടിവിറ്റികൾക്കായി പൊതുവായ സുരക്ഷാ മാർഗ്ഗനിർദേശങ്ങളും റെഗുലേഷനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ 26/07/2021 തീയതിയിലെ സ.ഉ(കൈ)നം.13/2021/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം കേരള അഡ്വഞ്ചർ & ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി & സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട് ക്യാമ്പിംഗിന് പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങളും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സർക്കാർ ഉത്തരവുകളിലെ നിർദ്ദേശ പ്രകാരം സാഹസിക വിനോദ പരിപാടികൾ ചിട്ടയായും, അപകട രഹിതമായും നടപ്പിലാക്കുന്നതിനുള്ള നിർദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും, ബന്ധപ്പെട്ട ഏജൻസികൾക്കും നൽകിയിട്ടുണ്ട്.

12-10-2023-ന് ചേർന്ന ടൂറിസം മിഷൻ മീറ്റിംഗിൽ ഗ്ലാസ് ബ്രിഡ്ജ്, ഫ്ലോട്ടിംഗ് ബ്രിഡ്ജ് എന്നിവയുടെ സാങ്കേതിക പരിശോധന എൻ.ഐ.ടി മുഖാന്തരം നടപ്പിലാക്കണം എന്ന് നിർദ്ദേശം നൽകിയിരുന്നു. പദ്ധതികളിൽ വരുന്നുണ്ടുന്ന വീഴ്ച, ക്രമക്കേട് എന്നിവയ്ക്ക് ബന്ധപ്പെട്ട വ്യക്തികളുടെ മേൽ ഉത്തരവാദിത്തം വ്യക്തമായി രേഖപ്പെടുത്തണം എന്നും നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഫ്ലോട്ടിംഗ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ് എന്നിവ സംബന്ധിച്ച് സുരക്ഷാ പരിശോധന നടത്തുവാൻ എൻ.ഐ.ടി-യോട് ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എൻ.ഐ.ടി-യുടെ വിദഗ്ധ സംഘത്തിന്റെ പരിശോധന തുടർന്നു വരികയാണ്.

30/05/2024 തീയതിയിലെ DOT/7259/2023-P9 നമ്പർ നടപടിക്രമം പ്രകാരം, സാഹസിക ടൂറിസം ആക്ടിവിറ്റികളുടെ സുരക്ഷ ഉറപ്പ് വരുത്തേണ്ട ചുമതല കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകി ടൂറിസം ഡയറക്ടർ ഉത്തരവായിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ശക്തമായ മഴയുടേയും മറ്റ് പ്രകൃതി ദുരന്തങ്ങളുടേയും വേളയിൽ വിനോദസഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തിക്കൊണ്ട് സാഹസിക ടൂറിസം പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനും നിർദ്ദേശം നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | |
| (ബി) | ഇത്തരം പരിപാടികളിൽ അപകടസാധ്യത ഒഴിവാക്കുന്നതിനും അപ്രതീക്ഷിത അപകടങ്ങൾ നേരിടുന്നതിനും എന്തെല്ലാം മുൻകരുതൽ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും തദ്ദേശഭരണ സ്ഥാപനങ്ങളും യോജിച്ചുള്ള പ്രവർത്തനത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | വിവിധ മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ മലബാർ റിവർ ഫെസ്റ്റിവൽ, MTB കേരള, പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ , അന്താരാഷ്ട്ര സർഫിങ് ഫെസ്റ്റിവൽ, ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിവൽ എന്നിവ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു വരുന്നു. ഇതിനു പുറമെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് സെമിനാറുകളും, ബോധവൽക്കരണ ക്യാമ്പുകളും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെയും, ഡി.റ്റി.പി.സി-കളുടേയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര മേഖലയിലൂടെ കൂടുതൽ വരുമാനമുണ്ടാക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | സാഹസിക ടൂറിസം രജിസ്ട്രേഷൻ വഴി നിരവധി സാഹസിക യൂണിറ്റുകൾ/ സംരംഭങ്ങൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയിൽ രജിസ്ട്രേഷൻ നടത്തി വരുന്നു. സാഹസിക വിനോദസഞ്ചാര സുരക്ഷ ഉറപ്പാക്കിക്കൊണ്ട് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിലൂടെയും ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിയ്ക്കുന്ന പുതിയ സാഹസിക വിനോദ സംരഭങ്ങളുടെ രജിസ്ട്രേഷനിലൂടെയും കേരള സാഹസിക വിനോദ സഞ്ചാര മേഖല വികസിച്ചുവരികയാണ്. ഇത്തരം സുരക്ഷിതമായ സാഹസിക വിനോദസഞ്ചാര സംരംഭങ്ങൾ സ്ഥാപിയ്ക്കുന്നത് വഴി കേരളം അഡ്വഞ്ചർ ടൂറിസത്തിനു സാധ്യതയുള്ള ഭൂപ്രകൃതിയാണെന്ന് മനസ്സിലാക്കുവാനും, അതുവഴി നിരവധി വിദേശ/ആഭ്യന്തര സാഹസിക വിനോദ സഞ്ചാര പ്രേമികളെ ആകർഷിയ്ക്കുവാനും സാധിയ്ക്കും. വിദേശ രാജ്യങ്ങളിലേതുപോലുള്ള ഹൈക്കിംഗ് ട്രെയിലുകളുടെ സാധ്യത പരിശോധിച്ച് വരുന്നു. ഗ്ലാമ്പിംഗിന്റെ സാധ്യത കേരളത്തിൽ നടപ്പിലാക്കാനാകുമോ എന്ന കാര്യം പരിശോധിക്കുന്നുണ്ട് .<br><br>സ്വകാര്യ നിക്ഷേപത്തോട ഗ്ലാസ് ബ്രിഡ്ജ്, ഫ്ലോട്ടിംഗ് ബ്രിഡ്ജ് തുടങ്ങിയ പദ്ധതികൾ ഇതിനോടകം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി കഴിഞ്ഞു . |

സെക്ഷൻ ഓഫീസർ